## 15 -ാം കേരള നിയമസഭ

## 14 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 985** | **18-09-2025 - ൽ മറുപടിയ്ക്ക്**

## ചേറ്റുവ-പെരിങ്ങാട് പുഴയെ റിസർവ് വനമാക്കി നോട്ടിഫിക്കേഷൻ ചെയ്ത നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | തൃശ്ശൂർ ജില്ലയിലെ പാവറട്ടി പഞ്ചായത്തിലെ ചേറ്റുവ-പെരിങ്ങാട് പുഴയെ റിസർവ് വനമാക്കി നോട്ടിഫിക്കേഷൻ ചെയ്ത നടപടി പിൻവലിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ; | (എ) | 1961-ലെ കേരള വനം ആക്ട്, സെക്ഷൻ 4 പ്രകാരം, ചാവക്കാട് താലൂക്കിലെ വെൺമനാട് വില്ലേജിൽ സർവ്വെ നമ്പർ 119/2-ൽ ഉൾപ്പെടുന്ന 94.77 ഹെക്ടർ സ്ഥലം ഉൾപ്പെടുത്തി പുറപ്പെടുവിച്ച പ്രാഥമിക വിജ്ഞാപനത്തിനെതിരെ ബഹു. മണലൂർ എം.എൽ.എ ശ്രീ. മുരളി പെരുനല്ലി സമർപ്പിച്ച കത്തിന്റെ അടിസ്ഥാനത്തിൽ ബഹു. വനം വന്യജീവി വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ സാന്നിധ്യത്തിൽ 22.03.2025-ന് തൃശ്ശൂർ രാമനിലയത്തിൽ വച്ച് ചേർന്ന യോഗത്തിൽ റിസർവ്വ് വിജ്ഞാപനം പിൻവലിക്കുന്നതിനുള്ള (ഡിനോട്ടിഫൈ) നിയമപരമായ നടപടികൾ സ്വീകരിക്കുന്നതിന് ഫോറസ്റ്റ് സെറ്റിൽമെന്റ് ഓഫീസർ കൂടിയായ തൃശ്ശൂർ ആർ.ഡി.ഒ.-യെയും, തൃശ്ശൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറെയും ചുമതലപ്പെടുത്തുകയുണ്ടായി.<br><br>ആയതിന്റെ ഭാഗമായി ജനങ്ങളെയും ബന്ധപ്പെട്ട മറ്റെല്ലാപേരെയും 07.04.2025-ന് നേരിൽ കേട്ട് തൃശ്ശൂർ ആർ.ഡി.ഒ. ആയത് സംബന്ധിച്ച ശിപാർശ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. RDO-യുടെ ശിപാർശയിന്മേലുള്ള അഭിപ്രായവും തുടർന്ന് മുന്നോട്ട് പോകുന്നതിനുള്ള നടപടിക്രമവും സംബന്ധിച്ച വിശദമായ റിപ്പോർട്ട് സമർപ്പിക്കാൻ സർക്കാർ വനം വകുപ്പ് മേധാവിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | ഈ കാര്യത്തിൽ വനം വകുപ്പ് നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | (ബി) | 1961-ലെ കേരള വനം ആക്ട്, സെക്ഷൻ 4 പ്രകാരം, ചാവക്കാട് താലൂക്കിലെ വെൺമനാട് വില്ലേജിൽ സർവ്വെ നമ്പർ 119/2-ൽ ഉൾപ്പെടുന്ന 94.77 ഹെക്ടർ സ്ഥലം ഉൾപ്പെടുത്തി പുറപ്പെടുവിച്ച പ്രാഥമിക വിജ്ഞാപനത്തിനെതിരെ ബഹു. മണലൂർ എം.എൽ.എ ശ്രീ. മുരളി പെരുനല്ലി സമർപ്പിച്ച കത്തിന്റെ അടിസ്ഥാനത്തിൽ ബഹു. വനം വന്യജീവി വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ ബഹു. റവന്യൂ |

| | | | |
|---|---|---|---|
| | | | വകുപ്പ് മന്ത്രിയുടെ സാന്നിധ്യത്തിൽ 22.03.2025-ന് തൃശ്ശൂർ രാമനിലയത്തിൽ വച്ച് ചേർന്ന യോഗത്തിൽ റിസർവ്വ് വിജ്ഞാപനം പിൻവലിക്കുന്നതിനുള്ള (ഡിനോട്ടിഫൈ) നിയമപരമായ നടപടികൾ സ്വീകരിക്കുന്നതിന് ഫോറസ്റ്റ് സെറ്റിൽമെന്റ് ഓഫീസർ കൂടിയായ തൃശൂർ ആർ.ഡി.ഒ.-യെയും, തൃശ്ശൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറെയും ചുമതലപ്പെടുത്തുകയുണ്ടായി.<br><br>ആയതിന്റെ ഭാഗമായി ജനങ്ങളെയും ബന്ധപ്പെട്ട മറ്റെല്ലാപേരെയും 07.04.2025-ന് നേരിൽ കേട്ട് തൃശൂർ ആർ.ഡി.ഒ. ആയത് സംബന്ധിച്ച ശിപാർശ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. RDO-യുടെ ശിപാർശയിന്മേലുള്ള അഭിപ്രായവും തുടർന്ന് മുന്നോട്ട് പോകുന്നതിനുള്ള നടപടിക്രമവും സംബന്ധിച്ച വിശദമായ റിപ്പോർട്ട് സമർപ്പിക്കാൻ സർക്കാർ വനം വകുപ്പ് മേധാവിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ